(എ) സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പരിശോധനയിൽ മായം കലർന്നതായി കണ്ടെത്തിയ എത്ര ബ്രാൻഡ് വെളിച്ചെണ്ണകളാണ് കേരളത്തിൽ നിരോധിച്ചിട്ടുള്ളത്;

(ബി) പാരഫിൻ വാക്സിനു പുറമെ എന്തെല്ലാം പദാർത്ഥങ്ങളാണ് വെളിച്ചെണ്ണയിൽ മായം ചേർക്കാൻ ഉപയോഗിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളത്;

(സി) കേരളത്തിലേയ്ക്ക് ദിനംപ്രതി വരുന്ന നൂറ് കണക്കിന് ലോഡ് പാരഫിൻ വാക്സ് എന്താവശ്യത്തിനാണ് കൊണ്ടുവരുന്നതെന്ന് കണ്ടെത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധനയിൽ നാളിതുവരെ 14 ബ്രാൻഡ് വെളിച്ചെണ്ണയാണ് നിശ്ചിത നിലവാരം പുലർത്താത്തതിനെത്തുടർന്ന് സംസ്ഥാനത്ത് നിരോധിച്ചിട്ടുള്ളത്.

(ബി) പാരഫിൻ വാക്സിൻ ഉപയോഗിച്ച് വെളിച്ചെണ്ണയിൽ മായം ചേർക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പാം കർണൽ ഓയിൽ ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(സി) ഇത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടില്ല. ആവശ്യമെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്.

## എൻ.ആർ.എച്ച്.എം. ഫണ്ടുപയോഗിച്ചുള്ള ആരോഗ്യ കുടുംബക്ഷേമ പദ്ധതികൾ

5 (4808) ശ്രീ. രാജു എബ്രഹാം :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.ആർ.എച്ച്.എം. ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന പരിപാടികൾ ഏതൊക്കെയെന്ന് വിശദീകരിക്കാമോ ; സംസ്ഥാന വിഹിതമെത്രയെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2013-14, 2014-15 വർഷങ്ങളിൽ സംസ്ഥാന വിഹിതം കുടിശ്ശികയായത് 2015-16 ലെ കേന്ദ്ര വിഹിതത്തെ എങ്ങനെ ബാധിക്കുമെന്ന് അറിയിക്കാമോ; ഇത് വിവിധ പദ്ധതികളുടെ നടത്തിപ്പിനെ എത്തരത്തിൽ ബാധിക്കുമെന്ന് വിശദമാക്കാമോ;

(സി) ലഭ്യമാക്കിയ കേന്ദ്ര ഫണ്ടുതന്നെ ട്രഷറിയിൽ നിന്നും ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിക്ക് ലഭ്യമാക്കിയിട്ടില്ലെന്ന ആക്ഷേപത്തെക്കുറിച്ച് വ്യക്തമാക്കാമോ ; തുക ലഭിച്ച തീയതിയും സൊസൈറ്റിക്ക് ലഭിച്ച തീയതിയും അറിയിക്കുമോ ;

(ഡി) ഇത് ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റി മുഖേന നടപ്പാക്കുന്ന പദ്ധതികളെ പ്രതികൂലമായി ബാധിച്ചത് അവലോകനം ചെയ്തിരുന്നോ ; എങ്കിൽ വിശദാംശം നൽകാമോ ?

## ഉത്തരം

(എ) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് താഴെ കൊടുത്തിരിക്കുന്ന പദ്ധതികളാണ് നടപ്പാക്കിവരുന്നത്:

1. മാതൃ ആരോഗ്യ പദ്ധതി
2. ജനനി സുരക്ഷാ യോജന
3. മാതൃമരണ ആഡിറ്റ് നടപ്പാക്കുക.
4. ജനനി ശിശു സുരക്ഷാ കാര്യക്രമം
5. നവജാത ശിശുക്കളുടെ സ്ക്രീനിംഗ് പ്രോഗ്രാം
6. ശിശു ആരോഗ്യ പദ്ധതി
7. വിദ്യാലയ ആരോഗ്യ പദ്ധതി
8. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യം കാര്യക്രമം
9. ഇമ്മ്യൂണൈസേഷൻ
10. കുടുംബക്ഷേമ പദ്ധതി
11. കൗമാര ആരോഗ്യ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

12. നഗരമേഖലയിലെ പ്രജനന ശൈശവ ആരോഗ്യ പദ്ധതി

13. ആദിവാസി മേഖലയിലെ ആരോഗ്യ പദ്ധതി

14. പി.എൻ.ഡി.ടി. ആക്ട് നടപ്പാക്കുക.

15. ആരോഗ്യ പരിശീലനം

16. ആരോഗ്യ മേഖലയിലെ മാനവശേഷി വികസനം

17. അംഗീകൃത സാമൂഹിക ആരോഗ്യ പ്രവർത്തക (ആശ) പദ്ധതി

18. ആശുപത്രികൾ, സാമൂഹിക ആരോഗ്യ കേന്ദ്രം, പ്രാഥമിക ആരോഗ്യ കേന്ദ്രം, ഉപകേന്ദ്രം എന്നിവയ്ക്ക് ഉപാധിരഹിത ഫണ്ട്.

19. ആശുപത്രികൾ, സാമൂഹിക ആരോഗ്യ കേന്ദ്രം, പ്രാഥമിക ആരോഗ്യ കേന്ദ്രം, എന്നിവയ്ക്ക് ആശുപത്രി നിർവ്വഹണ സമിതി ഗ്രാന്റ്.

20. ആശുപത്രികൾ, സാമൂഹിക ആരോഗ്യ കേന്ദ്രം, പ്രാഥമിക ആരോഗ്യ കേന്ദ്രം, ഉപകേന്ദ്രം എന്നിവയ്ക്ക് അറ്റകുറ്റപ്പണികൾക്കുള്ള ഗ്രാന്റ്

21. ആശുപത്രിയുടെ നവീകരണവും കെട്ടിട നിർമ്മാണവും

22. ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കൽ

23. ആശുപത്രികളിൽ ക്വാളിറ്റി അഷ്വറൻസ് പദ്ധതി നടപ്പാക്കുക.

24. ആയുഷ് പദ്ധതി

25. ആരോഗ്യ ബോധശീലവത്ക്കരണ പ്രവർത്തനങ്ങൾ

26. പദ്ധതികളുടെ മേൽനോട്ടവും അവലോകനവും

27. ആരോഗ്യ വിവര ശേഖരണ പദ്ധതി (എച്ച്.എം.ഐ.എസ്)

28. റേഡിയോ ഹെൽത്ത്

29. ജീവിതശൈലിരോഗ നിയന്ത്രണ പദ്ധതി

30. അയഡിൻ കുറവുമൂലമുണ്ടാകുന്ന രോഗനിയന്ത്രണ പദ്ധതി

31. സംയോജിത രോഗ അവലോകന പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

32. ദേശീയ ജന്തുജന്യ രോഗ നിയന്ത്രണ പദ്ധതി

33. ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതി

34. ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി

35. സമഗ്ര ആരോഗ്യ പദ്ധതി

കേന്ദ്രം അംഗീകരിക്കുന്ന തുകയുടെ 25 ശതമാനമാണ് സംസ്ഥാന വിഹിതം.

(ബി) 2013-14 കാലഘട്ടത്തിൽ കേന്ദ്രം അനുവദിച്ച തുകയുടെ അടിസ്ഥാനത്തിൽ സംസ്ഥാന വിഹിതം വേണ്ടിയിരുന്നത് 119.73 കോടി രൂപയായിരുന്നു. സംസ്ഥാന വിഹിതമായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയത് 75 കോടി രൂപയായിരുന്നു. 76.94 കോടി രൂപ സംസ്ഥാനം അനുവദിച്ചു. 2014-15 കാലഘട്ടത്തിൽ കേന്ദ്രം അനുവദിച്ച തുകയുടെ അടിസ്ഥാനത്തിൽ സംസ്ഥാന വിഹിതം വേണ്ടിയിരുന്നത് 170.8 കോടി രൂപയായിരുന്നു. സംസ്ഥാന വിഹിതമായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയത് 100 കോടി രൂപയായിരുന്നു. 112.2428 കോടി രൂപ സംസ്ഥാനം അനുവദിച്ചു സംസ്ഥാന വിഹിതത്തിന്റെ കുടിശ്ശിക അനുവദിച്ച് നൽകാനുള്ള സംസ്ഥാന സൊസൈറ്റിയുടെ അപേക്ഷ സർക്കാരിന്റെ സത്വര പരിഗണനയിലാണ്. ഫണ്ട് ലഭിച്ചാലുടനെ സംസ്ഥാനത്തിന് അനുവദിച്ച എല്ലാ പദ്ധതികളും രൂപകല്പന ചെയ്ത രീതിയിൽ നടപ്പിലാക്കാൻ സാധിക്കും.

(സി) 2014-15 സാമ്പത്തിക വർഷം മുതൽ കേന്ദ്രം അനുവദിക്കുന്ന ഫണ്ട് സംസ്ഥാന ട്രഷറി മുഖേനയാണ് സൊസൈറ്റിക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. 2014-15 സാമ്പത്തിക വർഷത്തിൽ കേന്ദ്രം അനുവദിച്ചതിൽ എല്ലാ തുകയും ട്രഷറിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. തുക അനുവദിച്ച തീയതിയും സൊസൈറ്റിക്ക് ലഭിച്ച തീയതിയും അനുബന്ധമായി ചേർക്കുന്നു.*

(ഡി) അവലോകനം ചെയ്തിട്ടുണ്ട്. പദ്ധതികളെ പ്രതികൂലമായി ബാധിക്കാത്ത രീതിയിൽ സംസ്ഥാന വിഹിതം അനുവദിച്ചതിനാൽ പദ്ധതികളുടെ നടത്തിപ്പിൽ അധികം കാലതാമസമുണ്ടായിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.